കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കുറുമാത്തൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് - 2015-2016


## ജില്ലാഓഡിറ്റ് കാര്യാലയം, കണ്ണൂർ

lfaddistofficeknr@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ. /കെ.എൻ.ആർ./സി5.2044 /2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് ഓഫീസ്,കണ്ണൂർ
Ph: 04972-707698
ഇമെയിൽ.*lfaddistofficeknr@gmail.com*

തിയ്യതി : 07.12.2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡണ്ട് (സെക്രട്ടറി മുഖാന്തരം),

കുറുമാത്തൂർ ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം :- കുറുമാത്തൂർ ഗ്രാമപഞ്ചായത്ത് - 2015-2016 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുറുമാത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവുചെലവു കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 2, 3 ഭാഗങ്ങളിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തര വാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരളപഞ്ചായത്ത് രാജ് - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും - ചട്ടങ്ങളിലെ 14, 15 ചട്ടങ്ങൾ).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 15(1) വകുപ്പ്, 1997ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ 21(1)(2) ചട്ടങ്ങൾ എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഇ മെയിൽ)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (ഉപരിപത്രം സഹിതം)

3) കാര്യാലയ പ്രതി

നം കെ. എസ്. എ. /കെ.എൻ.ആർ./സി5./2044 /2016

തീയതി :07.02.2016

## കണ്ണൂർ ജില്ലയിലെ കുറുമാത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2015-2016 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

ആമുഖം

കുറുമാത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2015-2016 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആകെ നൽകിയ14അന്വേഷണക്കുറിപ്പുകളിൽ 13 അന്വേഷണക്കുറിപ്പുകൾക്കും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതല്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | : | ശ്രീ അശോകൻ മഠത്തിൽ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 08-11-2016 മുതൽ 16-11-2016 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | പേര് | തസ്തിക |
|---|---|---|
| 1 | ജയരാജൻ കെ. | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| 2 | റീന പിട്ടൻ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| 3 | ഷിജില. വി.ഡി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| 4 | കനകരാജൻ ഇ. | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി . കെ. യു. ത്രേസ്യാമ്മ<br>ശ്രീ .ഐ.വി.നാരായണൻ | 01-04-2015 മുതൽ 31-10-2015 വരെ<br>26-11-2015 മുതൽ 31-03-2016 വരെ. |
| സെക്രട്ടറി | ശ്രീ. ടി.പി. സഹദേവൻ.<br>ശ്രീ. എം.പി. ഷാനവാസ് | 01-04-2015 മുതൽ 24-07-2015വരെ<br>25-07-2015 മുതൽ 31-03-2016 വരെ |

സ.ഉ.(അച്ചടി) നമ്പർ 324/2015/ത.സ്വ.ഭ.വ തീ.20-10-2015 ഉത്തരവ് പ്രകാരം നിയുക്തമായ താഴെ പറയുന്നവർ ഉൾപ്പെട്ട ഭരണ നിർവ്വഹണ കമ്മിറ്റിക്കായിരുന്നു 01-11-2015 മുതൽ 25-11-2015 വരെ ഭരണ ചുമതല

1. ശ്രീ. എം.പി. ഷാനവാസ്, ഗ്രാമപഞ്ചായത്ത് സെക്രട്ടറി

2. ശ്രീമതി. നിഷ ജോസ്, കൃഷി ഓഫീസർ

3. ശ്രീമതി.ജയമിനി.കെ, ഐ.സി.ഡി.എസ് സൂപ്പർവൈസർ

നിർവ്വഹണ ഉദ്യോഗസ്ഥർ

| | ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|---|
| | | | മുതൽ | വരെ |
| 1 | കൃഷി ഓഫീസർ | നിഷ ജോസ് | 01-04-2015 | 31-03-2016 |
| 2 | വി.ഇ.ഒ | ശ്രീ. ഗണേശൻ | 01-04-2015 | 07-12-2015 |
| | | ശ്രീമതി.സജിത.കെ | 08-12-2015 | 31-03-2016 |
| 3 | വെറ്ററിനറി സർജൻ | ഡോ.ശീതൾ.ജി. മോഹൻ | 01-04-2015 | 31-05-2015 |
| | | ഡോ.മുഹമ്മദ് ബഷീർ | 01-06-2015 | 30-06-2015 |
| | | ഡോ. ഗാവോങ്കർ സാഗർ | 01-07-2015 | 31-07-2015 |
| | | ഡോ.മുഹമ്മദ് ബഷീർ | 01-08-2015 | 31-03-2016 |
| 4 | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | ഡോ. സിനി. എൻ | 01-04-2015 | 31-03-2016 |
| 5 | മെഡിക്കൽ ഓഫീസർ ജി എച്ച് ഡി | ഡോ.വിജയ.കെ | 01-04-2015 | 31-03-2016 |
| 6 | അസി.എഞ്ചിനീയർ | നിഷ. വി.വി | 01-04-2015 | 31-03-2016 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ജയമിനി.കെ | 01-04-2015 | 31-03-2016 |
| 8 | അസി . സെക്രട്ടറി | ശ്രീ. അഫ്സത്ത്.കെ | 01-04-2015 | 17-08-2015 |
| | | ശ്രീ. പ്രദീപ് കുമാർ | 25-08-2016 | 31-03-2016 |
| 9 | ഹെഡ് മാസ്റ്റർ | ശ്രീ.എം. ബാലകൃ,ഷ്ണൻ | 01-04-2015 | 31-03-2016 |

ഉള്ളടക്കം

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | വിഷയം | പേജ് നമ്പർ |
|---|---|---|---|
| ഭാഗം-1<br>പൊതു അവലോകനം | | | |

| | | | |
|---|---|---|---|
| 1 | 1-1 | ബജറ്റ് | |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക. | |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | |
| 4 | 1-4 | സാമ്പത്തിക വിശകലനം. | |
| 5 | 1-5 | ഫണ്ട് വിനിയോഗം | |
| 6 | 1-6 | പദ്ധതി അവലോകനം. | |
| 7 | 1-7 | തനത് വരുമാനം. | |
| 8 | 1-8 | ക്ഷേമപദ്ധതികൾ | |
| 9 | 1-9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | |
| 10 | 1-10 | ക്യാഷ് ബാലൻസ് വെരിഫിക്കേഷൻ | |
| 11 | 1-11 | ഗ്രാമസഭകൾ | |
| 12 | 1-12 | വർക്കിംഗ് ഗ്രൂപ്പുകൾ - രൂപീകരണവും പ്രവർത്തനവും | |
| 13 | 1-13 | ആഭ്യന്തര നിയന്ത്രണ സംവിധാനം | |
| ഭാഗം 2<br>വരവ് കണക്കിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 14 | 2-1 | ഡി & ഒ ലൈസൻസ് - അപാകങ്ങൾ | |
| 15 | 2-2 | ലേലം - വിവിധ അപാകങ്ങൾ | |
| ഭാഗം 3<br>ചെലവ് കണക്കിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 16 | 3-1 | ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ- വിനിയോഗസാക്ഷ്യ പത്രം ലഭ്യമായിട്ടില്ല- ചെലവു തുക 89,100 രൂപ തടസ്സപ്പെടുത്തുന്നു. | |

| | | | |
|---|---|---|---|
| | | | |
| 17 | 3-2 | സൗരോർജ തെരുവുവിളക്കുകൾ വാങ്ങൽ- സ്റ്റോക്ക് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല-ചെലവു തുക 17,42,978 രൂപ തടസ്സത്തിൽ വെക്കുന്നു. | |
| 18 | 3-3 | പഞ്ചായത്ത് വാഹനത്തിന്റെ ലോഗ് ബുക്ക് ലഭ്യമാക്കിയില്ല- ഇന്ധനത്തിനായി ചെലവഴിച്ച 72,465 രൂപ തടസ്സത്തിൽ വെക്കുന്നു. | |
| 19 | 3-4 | തെരുവ് വിളക്കുകളുടെ പരിപാലനത്തിന് എ.എം.സി. – രേഖകളില്ലാത്തതിനാൽ ചെലവുതുകയായ 1,62,500 രൂപ തടസ്സപ്പെടുത്തുന്നു- ആദായനികുതി ഇനത്തിൽ 1,125 രൂപ ഈടാക്കേണ്ടതാണ് | |
| 20 | 3-5 | സേവാഗ്രാം കേന്ദ്രങ്ങൾ- സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് | |
| 21 | 3-6 | ആശ്രയ പദ്ധതി | |
| 22 | 3-7 | അങ്കണവാടികൾ - ഒരു അവലോകനം | |
| 23 | 3-8 | പാലിയേറ്റീവ് പരിചരണം- അവലോകനം | |
| 24 | 3-9 | വനിതകൾക്ക് കന്നുകുട്ടി പരിപാലന പദ്ധതി -ഗുണഭോക്തൃ തെരഞ്ഞെടുപ്പ് - സർക്കാർ മാർഗ്ഗനിർദ്ദേം പാലിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്. | |
| 25 | 3-10 | ദുരിതാശ്വാസനിധി - അവലോകനം | |
| 26 | 3-11 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | |
| ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 27 | 4-1 | നിഷ്ക്രിയാസ്തി സംബന്ധിച്ച വിവരങ്ങൾ | |

| | | | |
|---|---|---|---|
| 28 | 4-2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | |
| 29 | 4-3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | |
| 30 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | |
| 31 | 4-5 | വായ്പ/ വായ്പ തിരിച്ചടവ് | |
| 32 | 4-6 | സ്ഥിരനിക്ഷേപങ്ങൾ | |
| 33 | 4-7 | ഓഡിറ്റ് റിക്കവറി | |
| 34 | 4-8 | ചാർജ്ജ് -സർചാർജ്ജ് നടപടികൾ സ്വീകരിച്ചതിന്റെ വിവരം | |
| 35 | 4-9 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | |
| 36 | 4-10 | ഓഡിറ്റ് പ്രത്യവലോകനം | |
| 37 | 4-11 | ഓഡിറ്റ് ഇംപാക്ട് | |
| 38 | 4-12 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | |
| 39 | അനുബന്ധം1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | |
| 40 | Appendix- 1 | Audit Cetificate | |
| 41 | Appendix- 2 | Income &Expenditure Statement | |
| 42 | Appendix- 3 | Receipt & payment Statement | |
| 43 | Appendix- 4 | Balance Sheet | |

## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2015-2016വർഷത്തെ ബജറ്റ് PR No.48/2015 തീയതി 25-03-2015 പ്രകാരം അംഗീകാരിച്ചു. ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് തുകകൾ താഴെ കൊടുക്കുന്നു.

| | ബജറ്റ് | യഥാർത്ഥത്തി ലുള്ളത് | വ്യത്യാസം | | ശതമാനം (+)/(-) |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | |
| മുന്നിരിപ്പ് | 17,51,537 | 3,04,77,963 | 28726426 | | 1640 |
| വരവ് | 17,72,07,400 | 4,54,59,917 | | 13,17,47,483 | 74.35 |
| ആകെ | 17,89,58,937 | 7,59,37,880 | | 10,30,21,057 | 57.58 |
| ചെലവ് | 17,63,92,905 | 5,31,23,443 | | 12,32,69,462 | 69.88 |
| നീക്കിയിരിപ്പ് | 25,66,032 | 2,28,14,437 | 2,02,48,405 | | 789 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2015-2016 | 31-07-2016 | 30-06-2016 | തിരിച്ചയച്ചിട്ടില്ല | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി | സർട്ടിഫിക്കറ്റ് തരം |
|---|---|---|---|
| 2015-16 | 15-11-16 | കെ.എസ്.എ/ കെ.എൻ.ആർ/ സി5.2044/ 2016 തീയ്യതി | വിശേഷണങ്ങളോടു കൂടിയത് |

വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള സർട്ടിഫിക്കറ്റ് അനുബന്ധം - 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

കുറുമാത്തൂർ ഗ്രാമ പഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

ബാലൻസ് ഷീറ്റിലെ B-11 ഷെഡ്യൂൾ പ്രകാരമുള്ള ആസ്തിയെ സംബന്ധിച്ചുള്ള വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

സ്ഥാപനത്തിന്റെ 2015-2016വർഷത്തെ വാർഷിക ധനകാര്യപത്രികയുടെ വിവരം

| | |
|---|---|
| മുന്നിരിപ്പ് | 3,04,77,963.52 |
| വരവ് | 4,54,59,917.00 |
| ആകെ | 7,59,37,880.52 |
| ചെലവ് | 5,31,23,443.00 |
| നീക്കിയിരിപ്പ് | 2,28,14,437.52 |

## 1-5 ഫണ്ട് വിനിയോഗം 2015-2016

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 30,27,914 | 74,88,213 | 1,05,16,127 | 1,05,16,127 | 8,23,464* | 0 |
| വികസനഫണ്ട് എസ്.സി.പി. | 5,68,007 | 13,95,882 | 19,63,889 | 13,95,882 | 5,68,007 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 5,100 | - | 5,100 | - | 5,100 | 0 |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 6,38,766 | 1,01,58,030 | 1,07,96,796 | 1,07,96,796 | - | 0 |
| സംരക്ഷണ ഗ്രാന്റ് -നോൺറോഡ് | 12,77,311 | 10,02,138 | 22,79,449 | 22,79,449 | - | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 28,03,333 | 79,54,375 | 1,07,57,708 | 60,63,089 | 46,94,619 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 30,43,951 | 27,05,658 | 57,49,609 | 27,05,658 | 30,43,951 | 0 |
| MGNREGS | 73,455 | 2,08,80,829 | 2,09,54,284 | 2,09,53,515 | - | 769 |
| ബി ഫണ്ട് | 87,120 | 2,53,79,345 | 2,54,66,465 | 2,54,66,465 | - | 0 |

| | | | | | | |
|---|---|---|---|---|---|---|
| ആകെ | 1,15,24,957 | 7,69,64,470 | 8,84,89,427 | 8,01,76,981 | 83,11,667 | 769 |

*ട്രഷറിയിൽ നിന്ന് പിൻവലിക്കാതെ അവശേഷിച്ച 8,23,464 രൂപ ട്രഷറി അധികൃതർ 31-03-2016 ന് കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടച്ചു.

സമ്പൂർണ്ണ ശുചിത്വ പദ്ധതി (2,24,232) SSA (2,90,892) IWMP (2,14,932)പശ്ചിമഘട്ട വികസന പദ്ധതി (1,68,854) ബ്ലോക്ക്പഞ്ചായത്ത് വിഹിതം (4,79,712), ജില്ലാപഞ്ചായത്ത് വിഹിതം (3,67,500) എന്നിവയുൾപ്പെടെ 18.85 ലക്ഷത്തോളം രൂപ വിവിധ അക്കൗണ്ടുകളിലായി വിനിയോഗിക്കപ്പെടാതെ കിടക്കുന്നുണ്ട്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2015-16 | 174 | 6,01,27,273 | 127 | 3,78,50,243 | 33 | 14 | 73 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2015-2016 വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 35.89 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം 2014-15 | തൻവർഷം 2015-16 | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 53,40,758 | 10,29,230 | (-)43,11,528 | (-) 80.73 |
| നികുതിയേതര വരവുകൾ | 16,16,655 | 12,90,481 | (-)3,26,174 | (-)20.18 |
| മറ്റുവരവുകൾ(ഇനം തിരിച്ച്) | 91,96,404 | 80,36,917 | (-)11,59,487 | (-)12.61 |
| ആകെ | 1,61,53,817 | 1,03,56,628 | (-)57,97,189 | (-)35.89 |

## 1-8 ക്ഷേമപദ്ധതികൾ

2015-2016 വർഷത്തിൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | 2015-2016 | |
|---|---|---|
| | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
| തൊഴിൽരഹിത വേതനം | 3,74,280 | 256 |
| കർഷകതൊഴിലാളി പെൻഷൻ | 64,22,730 | 855 |
| വിധവാപെൻഷൻ | 88,95,600 | 995 |
| വാർദ്ധക്യകാലപെൻഷൻ | 61,23,990 | 1005 |
| വികലാംഗപെൻഷൻ | 27,02,185 | 275 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 4,68,560 | 52 |
| വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം | 3,00,000 | 10 |

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 05-09-2016 | 01-07-2016 മുതൽ 31-08-2016 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25-11-2010 | 2005-06 മുതൽ 2009-10 വരെ | 03-01-2011 |

## 1-10 ക്യാഷ് ബാലൻസ് വെരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14-11-2016 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 17,571 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-11 ഗ്രാമസഭകൾ

ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള 17 വാർഡുകളിലെയും പഴയ ഭരണസമതിയുടെ ഗ്രാമസഭാ മിനുട്സ് ഹാജരാക്കിയത് പരിശോധിച്ചു. ഓഡിറ്റ് കാലയളവിൽ 07/2015 വരെ 1 തവണ മാത്രമാണ് ഗ്രാമസഭ ചേർന്നിട്ടുള്ളത്. പുതിയ ഭരണസമിതി നിലവിൽ വന്ന ശേഷം ഓഡിറ്റ് കാലയളവിനുള്ളിൽ ഒരു തവണ (2016 ഫിബ്രവരി മാസം) മാത്രമാണ് ഗ്രാമസഭ ചേർന്നിട്ടുള്ളത്. വാർഷിക പദ്ധതി റിപ്പോർട്ട് അവതരണം, വിവിധ ആനുകൂല്യങ്ങൾക്കുള്ള അപേക്ഷ പരിശോധിച്ച് അർഹരായവർക്കുള്ള മുൻഗണനാക്രമം നിശ്ചയിക്കൽ, പദ്ധതി ആസൂത്രണം, ഗുണഭോക്തൃ തിരഞ്ഞെടുപ്പ്, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ആക്ഷൻ പ്ലാൻ തയ്യാറാക്കൽ,

സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് പരിഗണിക്കൽ, തുടങ്ങിയ പ്രവർത്തനങ്ങൾ ഗ്രാമസഭാ യോഗങ്ങളിൽ ഫലപ്രദമായി നടത്തിയിട്ടുണ്ട്.

എല്ലാ ഗ്രാമസഭായോഗങ്ങളിലും ക്വോറം തികഞ്ഞിട്ടുണ്ടെങ്കിലും നിയമപ്രകാരം ആവശ്യമായ കുറഞ്ഞ പങ്കാളിത്തം മാത്രമേ പല യോഗങ്ങളിലും ഉണ്ടായിട്ടുള്ളൂ.

ഓഡിറ്റ് റിപ്പോർട്ടുകൾ ഗ്രാമസഭായോഗത്തിൽ അവതരിപ്പിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ വിവിധ ഓഡിറ്റ് റിപ്പോർട്ടുകൾ (സ്റ്റാറ്റ്യൂട്ടറി, പെർഫോർമൻസ്, എ.ജി. തുടങ്ങിയവ) ലഭിക്കുന്ന മുറക്ക് അവ ഗ്രാമസഭായോഗത്തിൽ അവതരിപ്പിക്കേണ്ടതാണെന്ന് കേരള പഞ്ചായത്ത് രാജ് നിയമം 3 എ (3) വകുപ്പ് നിഷ്കർഷിക്കുന്നു. എന്നാൽ ഗ്രാമസഭാ യോഗങ്ങളിൽ മേൽ സൂചിപ്പിച്ച ഓഡിറ്റ് റിപ്പോർട്ടുകൾ ചർച്ച ചെയ്തതായി കാണുന്നില്ല. ഓഡിറ്റ് റിപ്പോർട്ട് ലഭിച്ചു കഴിഞ്ഞാൽ ഉടൻതന്നെ ഗ്രാമസഭ വിളിച്ചുചേർത്ത് ആയത് അവതരിപ്പിക്കുന്നതിനും ചർച്ച ചെയ്യുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 വർക്കിംഗ് ഗ്രൂപ്പുകൾ - രൂപീകരണവും പ്രവർത്തനവും

വികേന്ദ്രീകരണ ആസൂത്രണ പ്രക്രിയയിൽ പദ്ധതി രൂപീകരണം, നടത്തിപ്പ്, മോണിട്ടറിംഗ് എന്നിവയിൽ സുപ്രധാന പങ്കു വഹിക്കേണ്ട വർക്കിംഗ് ഗ്രൂപ്പ് രൂപീകരണം സംബന്ധിച്ച് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും, സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗരേഖയിൽ (ജി.ഒ.എം.എസ്. 362/2013 ത.സ്വ.ഭ.വ തീയ്യതി 16-11-2013) പ്രതിപാദിച്ചിട്ടുണ്ട്. ഇതനുസരിച്ച് പദ്ധതി ആസൂത്രണത്തിനായി വിവിധ വിഷയമേഖലകൾക്ക് അനുബന്ധം 3(1), 3(2) എന്നിവയിൽ പറഞ്ഞ പ്രകാരം തദ്ദേശഭരണസ്ഥാപനങ്ങൾ ഓരോ വർഷവും വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കേണ്ടതുണ്ട്.

പദ്ധതി ആസൂത്രണത്തിനായി വിവിധ മേഖലകൾക്ക് പദ്ധതി ആസൂത്രണ മാർഗ്ഗ രേഖയിൽ നിർദ്ദേശിച്ച പ്രകാരം 12 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. ഓരോ വർക്കിംഗ് ഗ്രൂപ്പിലും 12 മുതൽ 17 വരെ അംഗങ്ങൾ ഉണ്ട്. ഓഡിറ്റ് വർഷത്തിൽ പുതുതായി രൂപീകരിച്ച വർക്കിംഗ് ഗ്രൂപ്പുകൾ 01/2016 ൽ യോഗം ചേർന്നിട്ടുണ്ടെങ്കിലും അതിനു ശേഷം 09/2016ൽ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. പദ്ധതി മാർഗ്ഗരേഖ ഖ: 11(3) പ്രകാരം ഓരോ വർക്കിംഗ് ഗ്രൂപ്പും പഞ്ചവത്സര പദ്ധതി കാലയളവിലേക്ക് അനുബന്ധം 5(1) ൽ പറഞ്ഞ പ്രകാരമുള്ള ഒരു സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കി ഗ്രാമസഭയിൽ അവതരിപ്പിക്കുന്നതിനായി തദ്ദേശഭരണ സ്ഥാപനത്തിന് നല്കേണ്ടതുണ്ട്. എന്നാൽ ഇത്തരത്തിൽ ഒരു റിപ്പോർട്ട് തയ്യാറാക്കിയതിന്റെ വിവരം മിനുട്സിൽ രേഖപ്പെടുത്തിക്കാണുന്നില്ല. അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രൊജക്ടുകൾ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ ഫലപ്രദമായി മോണിട്ടർ ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച വിവരങ്ങൾ മിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി & ഒ ലൈസൻസ് - അപാകങ്ങൾ

(1) ലൈസൻസുകൾ വിതരണം ചെയ്യുന്നില്ല.

ഡി & ഒ ലൈസൻസ് ലഭിക്കുന്നതിനായി അപേക്ഷ നൽകിയവരിൽ നിന്നും അപേക്ഷാ ഫീസ് ഈടാക്കുന്ന തല്ലാതെ പഞ്ചായത്ത് ലൈസൻസ് നൽകുന്നില്ല. ആവശ്യപ്പെടുന്നവർക്ക് മാത്രമാണ് നിലവിൽ ലൈസൻസ് സർട്ടിഫിക്കറ്റ് നൽകുന്നത്. 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 24(vi) പ്രകാരം ലൈസൻസ് നൽകപ്പെട്ട സ്ഥലത്ത് എല്ലാവരും കാണത്തക്ക വിധത്തിലുള്ള ഒരു ഭാഗത്ത് ലൈസൻസുകാരൻ തന്റെ പേര്, ലൈസൻസ്, ഉദ്ദേശ്യം എന്നിവ കാണിക്കുന്ന ഒരു അടയാളപ്പലക വച്ചിരിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മുഴുവൻ അപേക്ഷകർക്കും ലൈസൻസ് നൽകാത്തത് ഇതിന് വിരുദ്ധമാണ്. ലൈസൻസിന്റെ ആവശ്യകതയെക്കുറിച്ച് സ്ഥാപന ഉടമകളെ ബോധവത്കരിക്കുകയും മുഴുവൻ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകുകയും അത് സ്ഥാപനങ്ങളിൽ പ്രദർശിപ്പിക്കു വാനാവശ്യപ്പെടുകയും ചെയ്യേണ്ടതാണ്.

(2) ലൈസൻസ് പുതുക്കുന്നതിൽ കാലതാമസം

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാര ങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് 30 ദിവസം മുൻപായി പഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. എന്നാൽ 2015 വർഷത്തിൽ, പഞ്ചായത്തിലെ ഭൂരിഭാഗം സ്ഥാപനങ്ങളും യഥാസമയം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ നൽകിയിട്ടില്ല. ഇത് മേൽ ചട്ടങ്ങളിലെ ചട്ടം 5,10 എന്നിവയുടെ ലംഘനമാണ്. ഇപ്രകാരം ഡി&ഒ ലൈസൻസ് എടുക്കാതെ വർഷം മുഴുവനും പ്രവർത്തിച്ച സ്ഥാപനങ്ങൾക്കെതിരെ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 255 പ്രകാരമുള്ള നടപടി (1996 ലെ കേരള പഞ്ചായത്ത് രാജ് ഡി&ഒ ലൈസൻസ് ചട്ടങ്ങളിലെ ചട്ടം 2 കൂടി കാണുക) സ്വീകരിക്കേണ്ടതാണ്. മുഴുവൻ സ്ഥാപനങ്ങളും യഥാസമയം ലൈസൻസ് എടുക്കുന്നുണ്ട്/പുതുക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

| നമ്പർ | വാർഡ്/കെട്ടിട നമ്പർ | അപേക്ഷകന്റെ പേര് | ലൈസൻസ് ആവശ്യം | അപേക്ഷലഭിച്ച തീയ്യതി |
|---|---|---|---|---|
| 1 | XVIII/701 | മുഹമ്മദ് അജ്മൽ.കെ.എം | മരമിൽ | 11.06.2015 |
| 2 | VI/310 | പനക്കട വീട്ടിൽ കൃഷ്ണൻ നമ്പ്യാർ | പലചരക്ക് കട നടത്താൻ | 11.05.2015 |
| 3 | VIII/240 A | പി.പി.മുനീർ, മുണ്ടപ്പാലം | ഗ്രിൽസ് വെൽഡിംഗ് കട | 08.05.2015 |
| 4 | XIII/173, 174 | വടക്കിനിപുരയിൽ സഹദേവൻ | ഫർണ്ണിച്ചർ | 05.05.2016 |

(3) ഡി & ഒ ലൈസൻസ് അപേക്ഷകൾ അപൂർണ്ണം

2015-16 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ ലൈസൻസ് അനുവദിക്കുന്നതിന്/പുതുക്കുന്നതിന് ലഭിച്ച അപേക്ഷകൾ ഭൂരിഭാഗവും മുഴുവനായി പൂരിപ്പിക്കുകയോ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല എന്നു പരിശോധനയിൽ കാണുകയുണ്ടായി. ചട്ടപ്രകാരം സ്വീകരിക്കുന്ന അപേക്ഷകളിൽ അപേക്ഷകനെയും ലൈസൻസ് ആവശ്യമായ സ്ഥാപനത്തെ/സ്ഥലത്തെ സംബന്ധിച്ചും ഉണ്ടായിരിക്കേണ്ട അടിസ്ഥാന വിവരങ്ങൾ, ഒരു ദിവസത്തെ വിറ്റുവരവ്, അപേക്ഷകന്റെ സത്യപ്രസ്താവന എന്നിവ മുഴുവനായും രേഖപ്പെടുത്തിക്കാണുന്നില്ല. അപേക്ഷ ലഭിച്ചു കഴിഞ്ഞാൽ ബന്ധപ്പെട്ട വാർഡ്തല ഉദ്യോഗസ്ഥൻ അന്വേഷണം നടത്തി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാന ത്തിലാണ് സെക്രട്ടറി ഡി & ഒ ലൈസൻസ് അനുവദിക്കുകയോ പുതുക്കി നല്കുകയോ ചെയ്യേണ്ടത്. എന്നാൽ ലൈസൻസ് പുതുക്കി നല്കുന്നതിനുള്ള ഒരപേക്ഷയിലും അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടും സെക്രട്ടറിയുടെ തീരുമാനവും രേഖപ്പെടുത്താതെയാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. ഭാവിയിൽ ഡി&ഒ ലൈസൻസിനുള്ള അപേക്ഷകൾ സ്വീകരിക്കുമ്പോൾ മേൽ സൂചിപ്പിച്ച അപാകങ്ങൾ പരിഹരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഹോട്ടലുകൾ, ബേക്കറി ഉല്പന്ന നിർമ്മാണം, ചിക്കൻ സ്റ്റാളുകൾ എന്നിവയ്ക്ക് ലൈസൻസിനുള്ള അപേക്ഷകളിൽ ഹെൽത്ത് ഇൻസ്പെക്ടറുടെ സാനിട്ടറി സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തിയിട്ടില്ല. ലൈസൻസ് അനുവദിക്കുന്നതിനും പുതുക്കുന്നതിനും ലഭിക്കുന്ന അപേക്ഷകളിൽ ബന്ധപ്പെട്ട വകുപ്പിൽ നിന്നുള്ള അനുമതിപത്രം ഉൾപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 2-2 ലേലം - നിശ്ചിത രൂപയുടെ മുദ്ര പത്രത്തിൽ കരാർ വച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിലുള്ള തെങ്ങ്, കശുമാവ് എന്നിവയിൽ നിന്നും കായ് ഫലങ്ങൾ പറിച്ചെടുക്കാനുള്ള അവകാശം 2015-16 വർഷം ലേലത്തിൽ നൽകിയപ്പോൾ ലേലം കൊണ്ട താഴെപ്പറയുന്ന വ്യക്തികൾ നിശ്ചിത രൂപയുടെ മുദ്ര പത്രത്തിൽ കരാർ വച്ചിട്ടില്ല. (ലേല നോട്ടീസ് പ്രകാരം ലേലം കൊള്ളുന്നയാൾ 200/-രൂപയുടെ മുദ്ര പത്രത്തിൽ കരാർ വയ്ക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്.)

1. തെങ്ങിൽ നിന്നും കായ്ഫലങ്ങൾ പറിച്ചെടുക്കുന്നതിനും ചെത്തുന്നതിനുമുള്ളഅവകാശം

| ക്രമ നം. | റി.സ.നം | വിസ്തീർണ്ണം | ലേല തീയ്യതി | ലേലം കൊണ്ടയാളുടെ പേര് | ലഭിച്ച തുക |
|---|---|---|---|---|---|
| 1 | 140 | 0.0180 | 15.03.2016 | സി.മോഹനൻ,<br>നണിച്ചേരി (പി.ഒ) | 2700 |
| 2 | 155 | 0.370 | 15.03.2016 | കെ.കെ ഷാജി ,<br>പുല്ലാഞ്ഞിയോട്,കുറുമാത്തൂർ. | 4050 |
| 3 | 156/1 | 0.0080 | 15.03.2016 | കെ.കെ ഷാജി ,<br>പുല്ലാഞ്ഞിയോട്,കുറുമാത്തൂർ. | 4250 |
| 4 | 156/2 | 0.0070 | 15.03.2016 | കെ.കെ ഷാജി ,<br>പുല്ലാഞ്ഞിയോട്,കുറുമാത്തൂർ. | 650 |
| 5 | 156/3 | 0.0080 | 15.03.2016 | സി.വി ശിവദാസൻ<br>പുല്ലാഞ്ഞിയോട്,കുറുമാത്തൂർ. | 1100 |
| 6 | 166/3 | 0.0295. | 15.03.2016 | സുനിൽ കുമാർ.യു,<br>പുത്തൻ ഹൌസ്, മുണ്ടേരി | 4225 |
| 7 | 168 | 0.420 | 15.03.2016 | സി.വി ശിവദാസൻ<br>പുല്ലാഞ്ഞിയോട്,കുറുമാത്തൂർ. | 950 |
| 8 | 170 | 0.330 | 15.03.2016 | എം മുകുന്ദൻ,കീരിയാട് | 1400 |
| 9 | 169/3 | 0.0150 | 15.03. 2016 | സി.വി ശിവദാസൻ<br>പുല്ലാഞ്ഞിയോട്,കുറുമാത്തൂർ. | 2350 |
| 10 | - | ഗ്രാമപഞ്ചായത്ത് കോമ്പൗണ്ട് | 28.01.2016 | മുഹമ്മദലി | 1000 |
| 11 | 169/2 | 0.0180 | 15.0.2016 | എം മുകുന്ദൻ,കീരിയാട് | 3650 |

2. കശുവണ്ടി പറിച്ചെടുക്കാനുള്ള അവകാശം

| ക്രമ നം | റി.സ.നം | വിസ്തീർണ്ണം | ലേല തീയ്യതി | ലേലം കൊണ്ടയാളുടെ പേര് | തുക |
|---|---|---|---|---|---|
| 1 | -- | - | 28.01.2016 | വിനോദ്.വി. വി. | 10500 |
| 2 | 16 | 2 ഏക്കർ | 28.01.2016 | കുഞ്ഞിക്കണ്ണൻ .കെ | 7350 |
| 3 | - | 1ഏക്കർ | 28.01.2016 | മൊയ്തീൻ | 200 |

| | | | | | |
|---|---|---|---|---|---|
| 4 | - | 1ഏക്കർ | | മുഹമ്മദലി | 1500 |
| 5 | - | 1ഏക്കർ | | മുഹമ്മദലി | 400 |
| 6 | 26/6 | - | 28.01.2016 | മുഹമ്മദലി | 200 |

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം .13 ) സെക്രട്ടറി നൽകിയ മറുപടിയിൽ "200 രൂപ മുദ്രപത്രത്തിൽ കരാർ വെയ്ക്കാൻ ഇന്ന് തന്നെ നിർദ്ദേശം നൽകുന്നതാണ് " എന്ന് വ്യക്തമായിട്ടുണ്ട്. ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാനും ലേല വ്യവസ്ഥകൾ കർശനമായി പിൻതുടരുവാനും ശ്രദ്ധിക്കേണ്ടതാണ്.

## 2-3 പഞ്ചായത്തിന്റെ അധീനതയിലുള്ള മുറികൾ വാടകയ്ക്ക് നൽകൽ - ഫയൽ ലഭ്യമാക്കിയില്ല, രജിസ്റ്റർ അപൂർണ്ണം

ഐ.ടി .ഐ റോഡ് എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ഗ്രാമ പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ ആറ് മുറികളാണ് 2015-16 വർഷം വാടകയ്ക്ക് നൽകിയിട്ടുള്ളത്. മുറികൾ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട വാടക വരവ് രജിസ്റ്റർ പ്രകാരം എല്ലാ മുറികളിൽ നിന്നും ഒരേ നിരക്കിലുള്ള വാടകയാണ് കഴിഞ്ഞ നാല് വർഷങ്ങളായി ഉപയോക്താക്കളിൽ നിന്നും പഞ്ചായത്ത് ഈടാക്കി വരുന്നത്. ഇതിൽ ഐ.ടി.ഐ കുറുമാത്തൂർ എന്ന സ്ഥാപനം ഉപയോഗിച്ച് വരുന്ന രണ്ട് മുറികളുടെ ( റൂം നം. V/244, V/245) വാടക തൻവർഷം ഈടാക്കിയിട്ടില്ല. V/243 നമ്പർ മുറി ഉപയോഗിച്ച് വരുന്ന ശ്രീമതി ജസീറ നിസാർ എന്നവരിൽ നിന്നും 5മാസത്തെ (4/15 മുതൽ 5/15) വാടക മാത്രമാണ് ഈടാക്കിക്കാണുന്നത്. മുറികൾ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വാടക ഈടാക്കുന്നത് സംബന്ധിച്ച രജിസ്റ്ററിൽ വർഷാവസാന സംഗ്രഹമെഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇക്കാരണങ്ങളാൽ മുറികളുടെ വാടക ഈടാക്കാത്തതിന്റെയും കാലാനുസൃത വർദ്ധനവ് വരുത്താത്തതിന്റെയും വാടകയിനത്തിലുള്ള വരുമാനനഷ്ടത്തിന്റെയും നിജസ്ഥിതി പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

## 2-4 സേവന നികുതി ഈടാക്കുന്നില്ല.

കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 200 (2) പ്രകാരം ശുചിത്വപരിപാലനം, ജലവിതരണം, സ്കാവഞ്ചിംഗ്, തെരുവ് വിളക്കുകളും ഡ്രെയിനേജും എന്നിവയ്ക്ക് അപ്രകാരം ഗ്രാമപഞ്ചായത്ത് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം നിർണ്ണയിക്കപ്പെട്ട കുറഞ്ഞ നിരക്കിന് വിധേയമായി പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന നികുതി ചുമത്താവുന്നതാണ്. 1995 ലെ കേരള പഞ്ചായത്ത് രാജ് സേവന നികുതി ചട്ടങ്ങൾ പ്രകാരം ശുചിത്വ പരിപാലനത്തിന് ഒരു ശതമാനത്തിലും ജലവിതരണത്തിന് 2 ശതമാനത്തിലും തെരുവ് വിളക്ക് കത്തിക്കുന്നതിന് 2 ശതമാനത്തിലും ഡ്രെയിനേജ്, സ്കാവഞ്ചിംഗ് എന്നിവയ്ക്ക് 1 ശതമാനത്തിലും കുറയുവാൻ പാടില്ല എന്ന് നിഷ്കർഷിക്കുന്നുണ്ട്.

എന്നാൽ കുറുമാത്തൂർ ഗ്രാമ പഞ്ചായത്ത് തെരുവ് വിളക്ക് കത്തിക്കൽ, ജലവിതരണം എന്നീ സേവനങ്ങൾക്കായി വലിയ തുക വർഷാവർഷം ചെലവഴിക്കുന്നുണ്ടെങ്കിലും നാളിതു വരെയായി ഇതിന് സേവന നികുതി ചുമത്തിയിട്ടില്ല. 2015-16 വർഷത്തിൽ പഞ്ചായത്ത് ചെലവഴിച്ച തുകയുടെയും നിശ്ചിത കുറഞ്ഞ നിരക്കിൽ സേവന നികുതി

ചുമത്തിയിരുന്നെങ്കിൽ ലഭിക്കുമായിരുന്ന സേവന നികുതിയുടെയും വിവരം ചുവടെ കൊടുക്കുന്നു.

| സേവനത്തിന്റെ പേര് | സേവനം നൽകുന്നതിന് 2015-16 വർഷത്തിൽ പഞ്ചായത്ത് ചെലവഴിച്ച തുക | 2015-16 വർഷത്തിൽ വസ്തു നികുതിയിനത്തിൽ ഡിമാന്റ് | ചുമത്താവുന്ന കുറഞ്ഞ സേവന നികുതി |
|---|---|---|---|
| 1 | 2 | 3 | 4 |
| തെരുവ് വിളക്ക് കത്തി ക്കൽ | 2,41,428 | 37,56,390 | 75,128 |
| ജലവിതരണം | 66,600 | 37,56,390 | 75,128 |
| ആകെ | 3,08,028 | | 1,50,256 |

സർക്കാർ നിശ്ചയിച്ച ഏറ്റവും കുറഞ്ഞ നിരക്കിൽ സേവന നികുതി ചുമത്തിയിരുന്നെങ്കിൽപോലും തൻവർഷം 1,50,256 രൂപ സേവന നികുതിയിനത്തിൽ പഞ്ചായത്തിന് ലഭിക്കുമായിരുന്നു എന്ന് പട്ടിക വ്യക്തമാക്കുന്നു. യഥാസമയം ന്യായമായ നിരക്കിൽ സേവനങ്ങൾക്ക് നികുതി ചുമത്താത്തതിനാൽ വർഷം തോറും തനതുവരുമാനത്തിൽ ഗണ്യമായ കുറവ് സംഭവിക്കുന്ന കാര്യം പ്രത്യേക ശ്രദ്ധയിൽ പെടുത്തുന്നു.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ- വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല- ചെലവു തുക 89,100 രൂപ തടസ്സപ്പെടുത്തുന്നു

നിർവഹണോദ്യോഗസ്ഥൻ : സെക്രട്ടറി

പ്രൊജക്ട് നം. : 51/16

പ്രൊജക്ടിന്റെ പേര് : ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ'

അടങ്കൽ : 1,00,000 രൂപ (ധനകാര്യകമ്മീഷൻ ഗ്രാന്റ്)

ചെലവുതുക : 89,100 രൂപ

വൗച്ചർ നം : 21501002/15-3-2016

പദ്ധതിയുടെ നിർവഹണത്തിനായി കെ.എസ്.ഇ.ബി.യുടെ എസ്റ്റിമേറ്റ് തുകയായ 89,100 രൂപ കെ.എസ്.ഇ.ബിഇലക്ട്രിക്കൽ സെക്ഷൻ,കരിമ്പം അസി.എഞ്ചിനീയർക്ക് കൈമാറിയിട്ടുണ്ട്. പ്രവൃത്തിയുടെ വിനിയോഗസാക്ഷ്യപത്രം കെ.എസ്.ഇ.ബി.യിൽ നിന്നും ലഭ്യമായിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക്

വിനിയോഗ സാക്ഷ്യപത്രം കെ.എസ്.ഇ.ബി.യിൽ നിന്നും ലഭ്യമായിട്ടില്ലാത്തതിനാൽ ഈ പദ്ധതി 2016-17 വർഷത്തിൽ സ്പിൽ ഓവർ ആയി ഉൾപ്പെടുത്തിയിട്ടുണ്ടെന്നാണ് സെക്രട്ടറി മറുപടി നൽകിയിട്ടുള്ളത്.

വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവ ത്തിൽ ചെലവു തുകയായ 89,100 രൂപ തടസ്സപ്പെടുത്തുന്നു.

## 3-2 സൗരോർജ തെരുവുവിളക്കുകൾ വാങ്ങൽ- സ്റ്റോക്ക് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല- ചെലവുതുക 17,42,978 രൂപ തടസ്സത്തിൽ വെക്കുന്നു.

കുറുമാത്തൂർ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ രണ്ട് പ്രൊജക്ടുകളിലായി ക്രൂസ് (KREWS) മുഖാന്തിരം തൻവർഷം 59 സൗരോർജ തെരുവുവിളക്കുകൾ വാങ്ങിയിട്ടുണ്ട്.വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നമ്പർ | 56/16 | 184/16 |
|---|---|---|
| പ്രൊജക്ട് പേര് | സൗരോർജ തെരുവുവിളക്കുകൾ സ്ഥാപിക്കൽ | പട്ടികജാതി സങ്കേതങ്ങ ളിൽ സൗരോർജ തെരുവു വിളക്കുകൾ സ്ഥാപിക്കൽ |
| അടങ്കൽ | ധനകാര്യകമ്മീഷൻ ഗ്രാന്റ്- 12,50,000 വികസനഫണ്ട്- 2,50,000 | 3,00,000 രൂപ (വികസനഫണ്ട് എസ്.സി.പി) |
| ചെലവുതുക | 14,77,100 (12,50,000- വൗ.നം.21500767/6-1-16 2,27,100- വൗച്ചർ നം.21500759/6-1-16) | 2,65,878രൂപ (ബിൽ നം.5/15-16 തീയ്യതി.15-1-16) |
| വാങ്ങിയ തെരുവുവിളക്കുകളുടെ എണ്ണം | 50 | 9 |
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി | അസി.സെക്രട്ടറി |

ഇവ എവിടെയൊക്കെയാണ് സ്ഥാപിച്ചിരിക്കുന്നത് എന്ന വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. അപാകം പരിഹരിക്കുന്നത് വരെ ചെലവുതുകയായ 14,77,100 + 2,65,878 = 17,42,978 രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-3 പഞ്ചായത്ത് വാഹനത്തിന്റെ ലോഗ് ബുക്ക് ലഭ്യമാക്കിയില്ല- ഇന്ധനത്തിനായി ചെലവഴിച്ച 72,465 രൂപ തടസ്സത്തിൽ വെക്കുന്നു

കുറുമാത്തൂർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL-59A 9053 നമ്പർ ബൊലേറോ ജീപ്പിന് താഴെ ചേർത്ത വൌച്ചറുകൾ പ്രകാരം NF ഫ്യൂവൽസ്, തളിപ്പറമ്പ എന്ന സ്ഥാപനത്തിൽ നിന്നും ഇന്ധനം നിറച്ചിട്ടുണ്ട്.

| വൌച്ചർ നം /തീ | തുക | ഡി.ഡി.നം /തീയ്യതി |
|---|---|---|
| 21500067/25-04-15 | 24,784 | 1040706/25-04-15 |
| 21500570/21-11-15 | 23,436 | 1042771/21-11-15 |
| 21500594/26-11-15 | 24,245 | 1042479/26-11-15 |
| ആകെ | 72,465 | |

01-04-2015 മുതൽ 13-12-2015 വരെയുള്ള വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. 14-12-2015 മുതലുള്ള രേഖപ്പെടുത്തലുകൾ വരുത്തിയ ലോഗ് ബുക്ക് മാത്രമാണ് ഓഡിറ്റിനായി ലഭ്യമാക്കിയത്. ലോഗ് ബുക്കിന്റെ അഭാവത്തിൽ ഇന്ധനച്ചെലവിന്റെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (14/15.11.2016) മറുപടി നൽകിയിട്ടില്ല.ആയതിനാൽ ചെലവു തുകയായ 72,465 രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-4 തെരുവ് വിളക്കുകളുടെ പരിപാലനത്തിന് എ.എം.സി. – രേഖകളില്ലാത്തതിനാൽ ചെലവുതുകയായ 1,62,500 രൂപ തടസ്സപ്പെടുത്തുന്നു - ആദായനികുതി ഇനത്തിൽ 1,125 രൂപ ഈടാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്കുകളുടെ പരിപാലനത്തിന് AMC നൽകുന്നതിനായുള്ള പ്രൊജക്ടുകൾക്കായി തൻവർഷം താഴെ ചേർക്കുന്ന ചെലവുകൾ ഉണ്ടായിട്ടുണ്ട്.

| പ്രൊജക്ട് നമ്പർ | അടങ്കൽ | ചെലവഴിച്ച തുക | വൗച്ചർ നം /തീയ്യതി | തുക കൈപ്പറ്റിയ വ്യക്തി |
|---|---|---|---|---|
| SO78/16 | 1,12,500 (തനത്ഫണ്ട്) | 1,12,500 | 21500888/ 18-2-2016 | രാജേഷ് കുമാർ.എം.പി |
| 49/16 | 2,00,000 (തനത്ഫണ്ട്) | 50000 | 21501017/ 17-3-2016 | പ്രജീഷ്.എം, ഫറൂക്ക്(പി.ഒ),കോഴിക്കോട് |

1. തെരുവുവിളക്കുകളുടെ പരിപാലനത്തിനായി AMC തയ്യാറാക്കുന്നതിനു മുമ്പായി തെരുവുവിളക്കുകളുടെ എണ്ണം കൃത്യമായി അറിയുന്നതിന് കെ.എസ്.ഇ.ബി.യുടെയും ഗ്രാമപഞ്ചായത്തിന്റേയും നേതൃത്വത്തിൽ സംയുക്തപരിശോധന നടത്തിയിട്ടില്ല. ഇതു സംബന്ധിച്ച് 10/14-11-16 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് തെരുവുവിളക്കുകളുടെ കൃത്യമായ

എണ്ണം നിശ്ചയിക്കുവാനുള്ള പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ നടന്നു വരുന്നുണ്ടെന്നും കെ.എസ്. ഇ.ബി.യുടെ റിപ്പോർട്ട് ലഭ്യമായിട്ടില്ലെന്നുമാണ് സെക്രട്ടറി മറുപടി നൽകിയിട്ടുള്ളത്.

നടപ്പിലാക്കിയ പ്രോജക്ടുകൾക്കായ് തുക നൽകിയപ്പോൾ റിപ്പയർ നടത്തിയ തെരുവുവിളക്കുകളുടെ എണ്ണം തെളിയിക്കുന്ന രേഖകൾ വാങ്ങി സൂക്ഷിച്ചിട്ടില്ല. ഇതിനായി വാർഡ് മെമ്പർമാർ നൽകിയ സാക്ഷ്യപത്രത്തിൽ മുഴുവൻ തെരുവുവിളക്കുകളും റിപ്പയർ ചെയ്തു എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. റിപ്പയർ നടത്തിയ തെരുവുവിളക്കുകളുടെ എണ്ണം, സ്ഥലം. ഇലക്ട്രിക് പോസ്റ്റ് നമ്പർ തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

പ്രൊജക്ട് നമ്പർ 49/16ന്റെ നിർവഹണത്തിനായി ടെണ്ടറർ ആയ പ്രജീഷ്.എം, ഫറൂക്ക് (പി.ഒ) ,കോഴിക്കോട് എന്നയാളുമായി ടെണ്ടർ ഉടമ്പടി തയ്യാറാക്കിയിട്ടില്ല. 200 രൂപയുടെ മുദ്രപത്രം വാങ്ങി സൂക്ഷിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്.ഇതുമൂലം 25-2-2016 ന് അംഗീകരിച്ച ടെണ്ടറിന്റെ കാലാവധി, പേയ്മെന്റ് നൽകേണ്ടതിന്റെ വിവരങ്ങൾ എന്നിവ വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ല.

മേൽ കാരണങ്ങളാൽ ഈയിനത്തിൽ ചെലവഴിച്ച 1,12,500+50000=1,62,500 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3. ആദായനികുതി നിയമം വകുപ്പ് 194 (സി) പ്രകാരം കരാർ പ്രൊജക്ടുകളുടെ ടെണ്ടറർമാരിൽനിന്നും 1% ആദായ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ വൗച്ചർ നം.21500888/18-2-2016 പ്രകാരം രാജേഷ് കുമാർ.എം.പി എന്നയാൾക്ക് 1,12,500 രൂപ കൈമാറിയപ്പോൾ 1,12,500ന്റെ 1% ആയ 1,125 രൂപ ഈടാക്കിയിട്ടില്ല.ഇതു സംബന്ധിച്ച് 10/14-11-16 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് പ്രസ്തുത തുക കരാറുകാരനിൽ നിന്നും ഈടാക്കുന്നതാ ണെന്ന് സെക്രട്ടറി മറുപടി നല്കിയിട്ടുണ്ട്. തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-5 സേവാഗ്രാം കേന്ദ്രങ്ങൾ- സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

ഗ്രാമസഭകൾക്ക് അതാത് വാർഡുകളിൽ ആസ്ഥാനമെന്ന നിലയിൽ ഗ്രാമകേന്ദ്രങ്ങൾ സ്ഥാപിക്കണമെന്ന് തദ്ദേശഭരണസ്ഥാപനങ്ങൾക്കായുള്ള 12-)ം പഞ്ചവത്സരപദ്ധതി മാർഗരേഖ യിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായി ജി.ഒ.(എം.എസ്) 112/2014 ത.സ്വ.ഭ.വ. തീ.25-8-2014 പ്രകാരം സേവാഗ്രാം കേന്ദ്രങ്ങൾക്കായുള്ള പ്രവർത്തന മാർഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രവർത്തനമാർഗരേഖയിലെ ഖ.5 പ്രകാരം വാർഡുകളിൽ പ്രവർത്തിക്കുന്ന തദ്ദേശഭരണ സ്ഥാപന ത്തിന്റെ നിയന്ത്രണത്തിലുള്ള കെട്ടിടങ്ങളാണ് സേവാഗ്രാം കേന്ദ്രങ്ങൾക്കുള്ള ഓഫീസുകൾ ക്കായി തെരഞ്ഞെടുക്കേണ്ടത്. തദ്ദേശഭരണസ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള കെട്ടിടങ്ങളുടെ അഭാവ ത്തിൽ 25 ച.മീ. എങ്കിലും വിസ്തീർണ്ണമുള്ള വാടകക്കെട്ടിടങ്ങൾ ഇവയ്ക്കായി കണ്ടെത്തേണ്ടതാണ്. കുറുമാത്തൂർ ഗ്രാമപഞ്ചായത്തിലുള്ള 17 വാർഡുകളിലെ ഗ്രാമകേന്ദ്രങ്ങളിൽ 2എണ്ണം അംഗൻ വാടി കളിലും 10 എണ്ണം വായന ശാലകളിലും 4എണ്ണം കടകളിലും 1 എണ്ണം അക്ഷയകേന്ദ്രത്തിലും പ്രവർത്തിക്കുന്നുവെന്നാണ് ഇതു സംബന്ധിച്ച 14/14-11-16 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറി മറുപടി നൽകിയിട്ടുള്ളത്. ഈ സേവാഗ്രാം കേന്ദ്രങ്ങളിൽ സ്ഥാപിക്കുന്നതിനായി ഫിഡ്കോ അസ്സോസിയേറ്റ്സ്, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്ന് 24,615രൂപ ചെലവ ഴിച്ച് നെയിംബോർഡുകൾ തൻവർഷം വാങ്ങി നൽകിയിട്ടുമുണ്ട്. പ്രവർത്തനമാർഗരേഖയിലെ നിർദ്ദേശങ്ങൾ

പാലിച്ച് എല്ലാ വാർഡിലേയും സേവാ കേന്ദ്രങ്ങളുടെ ഓഫീസുകൾ തദ്ദേശഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള അംഗൻവാടി, ഫാമിലി സബ് സെന്റർ തുടങ്ങിയവയുടെ കെട്ടിടങ്ങളിലേക്കോ ഇവയുടെ അഭാവത്തിൽ 25 ച.മീ. എങ്കിലും വിസ്തീർണ്ണമുള്ള വാടകക്കെട്ടിട ങ്ങളിലേക്കോ മാറ്റി പ്രവർത്തനം ക്രമീകരിക്കുവാനുള്ള നടപടികൾ സ്വീകരിക്കുവാൻ ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്

## 3-6 ആശ്രയ പദ്ധതി

ആശ്രയ പദ്ധതിയുടെ ഒന്നാം ഘട്ട പ്രൊജക്ടിലേക്കായി 46 കുടുംബങ്ങളിൽ നിന്നായി 73 ഗുണഭോക്താക്കളെ ഉൾപ്പെടുത്തികൊണ്ടുള്ള ലിസ്റ്റ് 18-08-2007 ലെ ഭരണ സമിതി യോഗ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. (പദ്ധതി അടങ്കൽ-20,53,250/- ) . ആശ്രയ പദ്ധതിയുടെ ഒന്നാം ഘട്ട പ്രൊജക്ടിൽ 07 പേർക്ക് വീട് നിർമ്മാണത്തിന് സ്ഥലം ആവശ്യമുള്ളവരായി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ആർക്കും തന്നെ പദ്ധതി പ്രകാരം വീട് വയ്ക്കാൻ സ്ഥലം അനുവദിച്ചിട്ടില്ല. വീട് ആവശ്യമുള്ളവരായി ഉൾപ്പെടുത്തിയിട്ടുള്ള 20 പേരിൽ 17 പേർക്ക് ആയതിനുള്ള ധനസഹായം അനുവദിച്ചിട്ടുണ്ട്. കുടിവെള്ളം ആവശ്യമുള്ളവരായി 6 പേരെ പ്രൊജക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും 2 പേർക്ക് കുടിവെള്ള സൗകര്യത്തി നായി കിണർ അനുവദിച്ചുട്ടുണ്ട്. സർക്കാർ ഉത്തരവിലെ നിർദ്ദേശപ്രകാരം 20-03-2010 ന് പുതിയ ആളുകളെ ഉൾപ്പെടുത്തി പ്രോജക്ട് പുതുക്കുകയും ഗുണഭോക്താക്കളുടെ ആവശ്യാനുസരണം ചികിത്സ,വസ്ത്രം, വിദ്യാഭ്യാസം എന്നിവ നല്കി വന്നിട്ടുണ്ട്.

കുറുമാത്തൂർ ഗ്രാമ പഞ്ചായത്തിലെ രണ്ടാം ഘട്ട ആശ്രയപദ്ധതി 2013-14 വർഷത്തിൽ 40 കുടുംബങ്ങളിലെ 70 ഗുണഭോക്താക്കളെ ഉൾപ്പെടുത്തി 19-12-2013 തിയ്യതിയിൽ ഭരണസമിതി തീരുമാനം നമ്പർ 176/13 പ്രകാരം അംഗീകരിക്കുകയും അടങ്കൽ തുകയായി 24,49,940 രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ടെങ്കിലും പദ്ധതി നിർവ്വഹണം ആരംഭിക്കുന്നത് 2015 ഏപ്രിൽ മാസത്തിൽ മാത്രമാണ്.ജി.ഒ. (എം.എസ്) 362/2013/ത.സ്വ.ഭ.വ /16.11.2013 ഖ 6.11.X.(3) പ്രകാരം ഒരു പ്രൊജക്ട് അംഗീകരിച്ചു കഴിഞ്ഞാൽ അടുത്ത സാമ്പത്തികവർഷം തന്നെ നിർബന്ധമായും സ്പിൽ ഓവർ പ്രൊജക്ടായി പദ്ധതി പ്രവർത്തനം തുടരേണ്ടതാണ്. പ്രൊജക്ട് പ്രകാരം ഉൾപ്പെടുത്തിയിട്ടുള്ള സേവനങ്ങൾ ലഭ്യമാക്കുന്നുണ്ടോയെന്ന് ആശ്രയ വിലയിരുത്തൽ സമിതിയിൽ ആശ്രയ കുടുംബം ഉൾപ്പെടുന്നഅയൽക്കൂട്ടം വിവരം നൽകേണ്ടതും ആയതു സംബന്ധിച്ച് ഒരു രജിസ്റ്റർ അയൽക്കൂട്ടങ്ങൾ സൂക്ഷിക്കേണ്ടതുമാണ്. ഈ പ്രൊജക്ട് പ്രകാരം ഗുണഭോക്താക്കൾക്ക് പുതുക്കി റിപ്പോർട്ട് അംഗീകരിച്ചിരിക്കുന്നത്. പുതുക്കിയ റിപ്പോർട്ട് പ്രകാരം വീട് അവശ്യമുള്ള 7 ഗുണഭോക്താക്കളിൽ 2 പേർക്ക് ആനുകൂല്യം അനുവദിച്ചിട്ടുണ്ടെങ്കിലും പ്രൊജക്ടിന്റെ നിർവ്വഹണം തൃപ്തികരമല്ല.

## 3-7 അങ്കണവാടികൾ - അവലോകനം

കുറുമാത്തൂർ പഞ്ചായത്ത് പരിധിയിൽ ആകെ 34 അങ്കണവാടികൾ പ്രവർത്തിച്ച് വരുന്നുണ്ട്. 3 മുതൽ 6വരെ പ്രായമുള്ള കുട്ടികൾക്ക് അങ്കണവാടിയുടെ സേവനം ലഭിക്കുന്നുണ്ടെങ്കിലും, 34 അങ്കണവാടികളിൽ 28 എണ്ണത്തിന് മാത്രമാണ് സ്വന്തമായി കെട്ടിടങ്ങൾ ഉള്ളത്. 3 എണ്ണം വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ച് വരുന്നത്.

വായനശാല, കൃഷിഭവൻ, സ്കൂൾ കെട്ടിടങ്ങളിൽ ഓരോ അംഗൻവാടികൾ വീതം പ്രവർത്തിച്ചുവരുന്നുണ്ട്. അതുപോലെ 34 അങ്കണവാടികളിൽ 16 എണ്ണത്തിന് മാത്രമാണ് സ്വന്തമായി കുടിവെള്ള സൗകര്യം ഉള്ളത്. ബാക്കി ഉള്ളവ പൊതു കിണറുകളെയും പൈപ്പ് വഴിയുള്ള വെള്ളത്തെയുമാണ് ആശ്രയിക്കുന്നത്. എല്ലാ അങ്കണവാടികളിലും ഭക്ഷണം പാകം ചെയ്യാനും വിളമ്പാനുമുള്ള സൗകര്യവും അത്യാവശ്യത്തിന് കളിപ്പാട്ടങ്ങളുമുണ്ട്. അങ്കണവാടി അങ്കണവാടികളുടെ സുരക്ഷിതത്ത്വം ഉറപ്പുവരുത്തുന്നതിനായി വെൽഫെയർ കമ്മിറ്റി പ്രവർത്തിച്ചുവരുന്നുണ്ട്. സാമ്പത്തിക വർഷങ്ങളിൽ 34 അങ്കണവാടികളിൽ ഒന്നിന് പോലും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നല്കിയിട്ടില്ല. 34 അങ്കണവാടികളിൽ 31 എണ്ണത്തിന് ടോയിലറ്റ് ഉണ്ട്. എല്ലാ അങ്കണവാടികളിലും കുടിവെള്ളസൌകര്യവും ടോയ് ലറ്റ് സൗകര്യവും ലഭ്യമാക്കി അങ്കണവാടി കളുടെ ഭൌതീക സാഹചര്യം വർദ്ധിപ്പിച്ച് സുരക്ഷിതമായ സാഹചര്യത്തിലാണ് അവ പ്രവർത്തിച്ചുവരുന്നത് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 3-8 പാലിയേറ്റീവ് പരിചരണം- അവലോകനം

കാൻസർ രോഗികൾ, ഹൃദയ-ശ്വാസകോശരോഗികൾ, പക്ഷാഘാതം പോലുള്ള രോഗങ്ങളാൽ ശരീരം തളർന്നുകിടപ്പിലായവർ, ദീർഘകാലചികിത്സ ആവശ്യമുള്ള പ്രമേഹ രോഗികൾ, വൃക്കകളുടെ പ്രവർത്തനം തകരാറിലാ യവർ, ദീർഘകാലമാനസീകരോഗമുള്ളവർ, പ്രായാധിക്യം കാരണം ബുദ്ധിമുട്ടനുഭവിക്കുന്നവർ തുടങ്ങി ദീർഘകാല ചികിത്സയും പരിചരണവും ദൈനംദിനകാര്യങ്ങൾക്ക് പരസഹായവും ആവശ്യമുള്ള രോഗികൾക്ക് ആരോഗ്യവകുപ്പ്, തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ, ജീവകാരുണ്യ പ്രവർത്തനങ്ങളിലേർപ്പെട്ടിട്ടുള്ള സംഘടനകൾ എന്നീ മൂന്നുവിഭാഗങ്ങളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് ഏറ്റവും മെച്ചപ്പെട്ട പരിചരണം ലഭ്യമാക്കുന്നതിനാണ് പാലിയേറ്റീവ് പരിചരണ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

കുറുമാത്തൂർ ഗ്രാമപഞ്ചായത്തിൽ 2012-13 വർഷമാണ് പാലിയേറ്റീവ്കെയർ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളത്. സർവ്വേ നടത്തിയതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ ഗുണഭോക്താക്കളായി കണ്ടെത്തിയ 161 രോഗികൾക്ക് തൻവർഷം പാലിയേറ്റീവ് പരിചരണ പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്. ഇതിൽ 52 പേർ പരിചരണ കാലയളവിൽ മരണപ്പെട്ടിട്ടുണ്ട്. ഓഡിറ്റ് വർഷം രോഗികൾക്കാവശ്യമായ വിവിധ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

ഗ്ലൂക്കോമീറ്റർ സ്ട്രിപ്സ് = 4

ഗ്ലൂക്കോമീറ്റർ കുൾ = 1

വാക്കിംഗ് സ്റ്റിക്ക് = 4

വാട്ടർബെഡ് = 5

വീൽചെയർ = 2

എയർബെഡ് = 1

എൽബോ ക്രച്ചസ് = 2

ലാൻസെറ്റ് 1 = 200

ബി.പി .അപ്പാരറ്റസ് മെർക്കുരിയൽ റഗ്ലർ = 1

ഡയപ്പർ (അഡൽറ്റ് ) = 50

പാലിയേറ്റീവ്പരിചരണപദ്ധതിയിൽ രജിസ്റ്റർ ചെയ്തരോഗികളുടെ രജിസ്റ്റർ തയ്യാറാക്കി യിട്ടുണ്ട്. ഹോംകെയർ സംവിധാനത്തിലൂടെ ഓരോമാസവും ബാത്ത്, കത്തീറ്ററൈസേഷൻ, ബെഡ്സോർ ഡ്രസ്സിങ്, രക്തസമ്മർദ്ദപരിശോധന, പ്രമേഹരോഗപരിശോധന, ഔഷധങ്ങൾ നൽകൽ തുടങ്ങി വിവിധങ്ങളായ സേവനങ്ങൾ നൽകിവരുന്നുണ്ട്. പാലിയേറ്റീവ് പരിചരണത്തിൽ സാമൂഹികസംഘടനകൾ, മറ്റു സർക്കാരിതരസംഘടനകൾ, എന്നിവയുടെയൊന്നും സഹായങ്ങൾ ലഭിച്ചിട്ടില്ല. ആശ്രയകുടുംബങ്ങളിലെ രോഗികൾ മുഴുവനായും പാലിയേറ്റീവ്പരിചരണം പ്രോജക്ടിന്റെ രോഗികളുടെ ലിസ്റ്റി ലുൾപ്പെട്ടിട്ടില്ല. ഹോംകെയർടീം പ്രതിദിനം 12 രോഗികളെ സന്ദർശിക്കുന്നുണ്ട്. പ്രോജക്ട് മാനേജ്മെന്റ് കമ്മിറ്റി മാസന്തോറും അവലോകനയോഗങ്ങൾ നടത്താറുണ്ട്. ഹോംകെയർടീമിന്റെ യാത്രാചെലവ് ഇനത്തിൽ തൻവർഷം 14,400 രൂപ ചെലവഴിച്ചിട്ടുണ്ട്. കമ്മോഡ് ചെയർ, വാട്ടർബെഡ്, എയർബെഡ് എന്നീയുപകരണങ്ങൾ പാലിയേറ്റീവ് പരിചരണത്തി ലുള്ളവർക്ക് വാങ്ങിനൽകിയിട്ടുണ്ട്. തൻവർഷം S027/2016 (സാന്ത്വനപരിചരണം) എന്ന പ്രോജക്ടിനായി 37,00,000 രൂപ വകയിരുത്തുകയും ആകെ 30,08,321 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ സാന്ത്വന പരിചരണം പൊതുവെ നല്ല രീതിയിൽ നടക്കുന്നതായി രേഖകളിൽ നിന്നും വ്യക്തമാകുന്നു.

## 3-9 വനിതകൾക്ക് കന്നുകുട്ടി പരിപാലന പദ്ധതി - ഗുണഭോക്തൃ തെരഞ്ഞെടുപ്പ് - സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്റിനറി സർജ്ജൻ

പ്രോജക്ട് : 17/16 വനിതകൾക്ക് കന്നുകുട്ടി പരിപാലന പദ്ധതി

വകയിരുത്തിയ തുക : ₹1,87,500 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് )

: ₹3,75,000 (ഗുണഭോക്തൃവിഹിതം)

: ₹1,87,500 (മറ്റുള്ളവ)

ചെലവ് തുക : ₹1,87,500 ( ബിൽ നമ്പർ 8/15-16/29.03.2016)

കന്നുകുട്ടി പരിപാലന പദ്ധതി നിർവ്വഹണ മാർഗ്ഗനിർദ്ദേശം നം 13153/എ1/2003/പ്ലാനിംഗ് തിയ്യതി 4-11-2003 ഖ 2.2 ഈ പരിപാടിയുടെ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് വികേന്ദ്രീകൃതാസൂത്രണപദ്ധതി പ്രകാരം വ്യക്തിഗതാനുകൂല്യങ്ങൾ നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ച് നടത്തേണ്ടതാണ്. മേൽ പരാമർശിച്ച പ്രൊജക്ട് പ്രകാരം 30 ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിക്കുന്നതിലേക്കായി ₹1,87,500 (ഡി.ഡി നം.5472/31-3-2016 ) ഡപ്യൂട്ടി ഡയറക്ടർ(എ.എച്ച്)എസ്.എൽ.ബി.പി, കണ്ണൂർ ന് നല്കിയിട്ടുണ്ട്. എന്നാൽ

മേൽ തുകയുടെ പ്രയോജനം ഏതെല്ലാം ഗുണഭോക്താക്കൾക്കാണ് ലഭ്യമാക്കുന്നത് എന്ന് നിർവ്വഹണഉദ്യോഗസ്ഥൻ ഹാജരാക്കിയ ഫയലുകളിൽ നിന്നും വ്യക്തമല്ല. 17 ഗുണഭോക്താക്കളെ പത്രപരസ്യത്തിലൂടെ തെരഞ്ഞെടുത്ത് ഗ്രാമസഭയിൽ വച്ച് അംഗീകാരം നേടുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ.6/14-11-2016) പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഗുണഭോക്താക്കൾ ആരെല്ലാമാണ് എന്നുള്ള വിവരം ലഭ്യമല്ല എന്ന മറുപടിയാണ് നല്കിയത്. പദ്ധതി ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കൾ ആരെല്ലാമാണ് എന്ന് വ്യക്തമാക്കേണ്ടതും ഭാവിയിൽ മാർഗ്ഗരേഖ നിർദ്ദേശം പാലിച്ചുകൊണ്ട് പദ്ധതി നിർവ്വഹണം നടത്തേണ്ടതുമാണ്.

## 3-10 ദുരിതാശ്വാസനിധി - അവലോകനം

കേരളാ പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ 2003 പ്രകാരം കുറുമാത്തൂർ ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപവൽക്കരിച്ചിട്ടുണ്ട്. പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും പേരിൽ ഒരു സംയുക്ത അക്കൗണ്ട് (എസ് ബി അക്കൗണ്ട് നം. 4332) കുറുമാത്തൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ ചൊറുക്കള ശാഖയിൽ ആരംഭിക്കുകയും സംഭാവനയിലൂടെയും മറ്റുമായി നിധിയിലേക്ക് ധനം സമാഹരിക്കുകയും ചെയ്തിട്ടുണ്ട് .2015-16 വർഷത്തെ ദുരിതാശ്വാസ നിധി കണക്കിന്റെ സംക്ഷിപ്ത വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---:|
| മുന്നിരിപ്പ് | 50,673 |
| വരവ് | 36,040 |
| പലിശ വരവ് | 1,460 |
| ആകെ | 88,173 |
| ചെലവ് | 85,000 |
| നീക്കിയിരിപ്പ് | 3,173 |

42 അപേക്ഷകർക്ക് ഓഡിറ്റ് വർഷം ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സ/സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്. ദുരിതാശ്വാസ നിധിയുടെ പ്രവർത്തനങ്ങൾക്കായി രൂപീകരിച്ച സബ്കമ്മിറ്റി ഓഡിറ്റ് വർഷം 8 തവണ യോഗം ചേരുകയും വ്യക്തമായ തീരുമാനം കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

## 3-11 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - അവലോകനം

(1) ഗ്രാമീണ മേഖലയിൽ തൊഴിൽ എടുക്കാൻ സന്നദ്ധരായ അവിദഗ്ധ തൊഴിലാളികൾ ഉള്ള കുടുംബത്തിന് ഒരു

സാമ്പത്തിക വർഷം കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനാണ് തൊഴിലുറപ്പ് പദ്ധതി ആരംഭിച്ചിട്ടുള്ളത്. സമൂഹത്തിലെ പാവപ്പെട്ടവരും പാർശ്വവല്ക്കരിക്കപ്പെട്ടവരുമായ ആദിവാസികൾ, എസ്.സി, എസ്.ടി, ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവരുടെ സാമ്പത്തിക സുരക്ഷിതത്വവും സാമൂഹിക പുരോഗതിയുമാണ് പദ്ധതി ലക്ഷ്യമിടുന്നത്.

പദ്ധതിക്കായി ലഭിച്ചതും ചെലവഴിച്ചതുമായ(2) കുറുമാത്തൂർ ഗ്രാമ പഞ്ചായത്തിൽ 2015-16 വർഷം ഈ

തുകയുടെ വിവരം

| മുന്നിരിപ്പ് | വരവ് | പലിശ | ആകെ | ചെലവ് | ബാക്കി | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 73,455 | 2,10,64,560 | 769 | 2,11,38,784 | 2,11,38,015 | 769 | 100% |

തൻവർഷത്തെ മൊത്തം ചെലവിന്റെ 3 ശതമാനം മാത്രമേ ഭരണച്ചെലവുണ്ടായിട്ടുള്ളൂ.

(3) 2015-16 വാർഷിക പദ്ധതി പ്രകാരം 278 പദ്ധതികളാണ് നടപ്പിലാക്കാൻ ലക്ഷ്യമിട്ടിരുന്നതെങ്കിലും 167 എണ്ണം (60 ശതമാനം) മാത്രമാണ് നടപ്പിലാക്കാൻ കഴിഞ്ഞിട്ടുള്ളത്.

(4) ആകെ 2818 കുടുംബങ്ങൾ തൊഴിൽ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും 71 കുടുംബങ്ങൾക്ക് മാത്രമാണ് 100 ദിനം തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുള്ളത്. പദ്ധതി വിഭാവനം ചെയ്യുന്ന പ്രധാന ലക്ഷ്യം നിറവേറ്റാൻ ഗ്രാമ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. രജിസ്റ്റർ ചെയ്ത മുഴുവൻ കുടുംബങ്ങൾക്കും 100 ദിവസം തൊഴിൽ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

(6) തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 16-05-2007 ലെ 23283/ D.B/2/2007 നമ്പർ സർക്കുലർ പ്രകാരമുള്ള ദേശീയ ഗ്രാമീണ തൊഴിലുറപ്പുമായി ബന്ധപ്പെട്ട് പ്രത്യേക പൗരാവകാശരേഖ പ്രസിദ്ധീകരിക്കണമെന്ന നിർദ്ദേശം ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടില്ല.

(7) തൊഴിലുറപ്പിൽ ജോലി ചെയ്യുന്ന ബി.പി.എൽ കുടുംബങ്ങളെ മുഴുവൻ ആർ.എസ്.ബി.വൈ യിൽ രജിസ്റ്റർ ചെയ്തിട്ടില്ല. പരാതി പരിഹാരാർത്ഥം ആഴ്ചയിലൊരു ദിനം തൊഴിലുറപ്പ് ദിനമായി ആചരിച്ചിട്ടുണ്ട്.

(8) ഓഡിറ്റ് വർഷം തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് സോഷ്യൽ ഓഡിറ്റ് നടത്തി റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 നിഷ്ക്രിയാസ്തി സംബന്ധിച്ച വിവരങ്ങൾ

ഇല്ല

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്ത് | 2011-12<br>2014-15 | 72,799<br>4,63,778<br>5,36,577 | പ്രൊജക്ട് നം.76/16<br>മാലൂർ വി.സി.ബി | 56,865 | 4,79,712 (89.4%) |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 2006-07<br>2010-11<br>2015-16 | 22,500<br>34,500<br>6,27,975<br>9,95,475 | പ്രൊജക്ട്.നം 09/2015<br>ശാരീരിക മാനസീക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 6,27,975 | 3,67,500 (36.92%) |

ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകയുടെ 89.4 ശതമാനവും ജില്ലാപഞ്ചായത്തിൽ നിന്നും ലഭിച്ച തുകയുടെ 36.92 ശതമാനവും വർഷാന്ത്യത്തിൽ വിനിയോഗിക്കപ്പെടാതെ കിടക്കുന്നു എന്നത് നല്ല പ്രവണതയല്ല.

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| വർഷം | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം |
|---|---|---|---|---|---|---|
| 2015-16 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 51/16, ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 21501002/<br>15.03-2016 | 89,100 | 89,100 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

| ക്രമ നം | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയ്യതി | വായ്പാ തുക ലഭിച്ച വർഷം | വർഷാരംഭത്തിൽ തിരിച്ചട ക്കാൻ ബാക്കി | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചട ക്കാൻ ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | ഇ.എം.എസ് ഭവന പദ്ധതി വായ്പ | സ.ഉ.(സാ) നം.274/2010 /തസ്വഭവ തീയ്യതി 27.01.2010 | 2010-11 2011-12 | 55,28,677 | 25,26,044 | 11,56,506 | 30,02,633 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 20,000 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 20,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 20,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം. |
|---|---|---|
| മലബാർ ടൂറിസം ഡവലപ്പ്മെന്റ് കോ-ഓപ് സൊസൈറ്റി ലിമിറ്റഡ് ഷെയർ സർട്ടിഫിക്കറ്റ് | 20,000 | സർട്ടിഫിക്കറ്റ് നമ്പർ 222/17-02-15 |
| ആകെ | 20,000 | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ 2015-16 ൽ ലഭിച്ച 12,806 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|---|
| 1 | 2008-09 | 3-24 | 3757 | ഹസ്സൈനാർ റാവുത്തർ.ഇ.എം | 11501100864/22-06-2015 |

| | | | | | |
|---|---|---|---|---|---|
| 2 | 2008-09 | 2-3 | 60 | കുഞ്ഞിരാമൻ.പി.വി | 11501101862/16-09-2015 |
| 3 | 2008-09 | 2-3 | 60 | ത്രേസ്യ വർഗ്ഗീസ് | 11501101863/16-09-2015 |
| 4 | 2010-11 | 3-25-5 | 900 | പി.പി. ഷമ്സുദ്ദീൻ | 11501103727/06-01-2016 |
| 5 | 2011-12 | 3-2-1 | 384 | കെ.വി.പത്മനാഭൻ | 11501100370/28-04-2015 |
| 6 | 2011-12 | 3-2-9 | 693 | രാജു.ജോസഫ് | 11501100371 |
| 7 | ലഭ്യമല്ല | ലഭ്യമല്ല | 1 | ടി.വി.ബാലകൃഷ്ണൻ | 11501100372/28-04-2015 |
| 85 | 2011-12 | 3-2-10 | 678 | ടി.വി.ഉണ്ണികൃഷ്ണൻ | 11501100373/28-04-2015 |
| 9 | 2011-12 | 3-2-4 | 1613 | ജോസഫ്.പി.ജെ | 11501100380/29-04-2015 |
| 10 | 2011-12 | ലഭ്യമല്ല | 250 | വിശ്വനാഥൻ.എം.ഒ | 11501100465/11-05-2016 |
| 11 | 2011-12 | ലഭ്യമല്ല | 36 | പോൾ.എം.ഡി | 11501100700/03-06-2016 |
| 12 | 2011-12 | ലഭ്യമല്ല | 26 | സജീഷ് കുമാർ | 11501100701/03-06-2016 |
| 13 | 2011-12 | 3-2-12 | 300 | ജോസഫ് സേവ്യർ | 11501100769/10-06-2015 |
| 14 | 2011-12 | 3-2-3 | 1954 | കെ.പി. രാധകൃഷ്ണൻ | 11501100800/15-06-2015 |
| 15 | 2011-12 | 3-3 | 900 | കെ.വിജയൻ | 11501100837/19-06-2015 |
| 16 | 2011-12 | 3-2-7 | 806 | കെ.വിജയൻ | 11501100838/19-06-2015 |
| 17 | 2011-12 | 3-2-5 | 398 | കെ.വിജയൻ | 11501100839/19-06-2015 |
| 18 | 2011-12 | 2-2 | 1200 | മാനേജർ, കെൻ പ്ലൈ | 11501100965/03-07-2015 |
| 19 | 2011-12 | ലഭ്യമല്ല | 772 | സജീഷ് കുമാർ സി.കെ | 11501100996/06-07-2015 |
| 20 | 2011-12 to 2014-15 | 2-2 | 8000 | സെക്രട്ടറി,പന്നിയൂർ വനിത സർവ്വീസ് | 11501101863/16-09-2015 |

| | | | | | |
|---|---|---|---|---|---|
| | | | | സഹകരണ സംഘം | |
| | | ആകെ | 22,788 | | |

## 4-8 ചാർജ്ജ് -സർചാർജജ് നടപടികൾ സ്വീകരിച്ചതിന്റെ വിവരം

ഇല്ല

## 4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| - | - | 2009-10 | 2-1 | കാഷ് ബുക്കും അനുബന്ധ രജിസ്റ്ററുകളും സൂക്ഷിക്കുന്നതിൽ വീഴ്ച | 30-07-2013 ന് ബഹുമാനപ്പെട്ട നിയമസഭാസമിതി മുമ്പാകെ മറുപടി സമർപ്പിച്ചു. |
| | | 2009-10 | 3-4-2 | വ്യവസായ എസ്റ്റേറ്റുകൾ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ചെലവഴിച്ച തുക പാഴ്ച്ചെലവായി മാറുന്നു. | 30-07-2013ന് ബഹുമാനപ്പെട്ട നിയമാസഭാസമിതി മുമ്പാകെ മറുപടി സമർപ്പിച്ചിട്ടുണ്ട്. |
| | | 2009-10 | 3-4-2 | വ്യവസായ എസ്റ്റേറ്റുകൾ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ചെലവഴിച്ച തുക പാഴ്ച്ചെലവായി | 30.07.2013 ന് ബഹു.നിയമസഭാസമിതി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. |

| | | | | | |
|---|---|---|---|---|---|
| | | | | മാറുന്നു. | |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം 2015-16

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,59,37,880.52 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,31,23,443.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 20,67,043 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 89,100 | ശ്രീ. എം.പി.ഷാനവാസ്, സെക്രട്ടറി |
| 3-2 | 17,42,978 | ശ്രീ. എം.പി.ഷാനവാസ്, സെക്രട്ടറി -14,77,100<br>ശ്രീ. പ്രദിപ് കുമാർ, അസിസ്റ്റന്റ് സെക്രട്ടറി -2,65,878 |
| 3-3 | 72,465 | ശ്രീ. ടി.പി. സഹദേവൻ, സെക്രട്ടറി(24,784)<br>ശ്രീ. എം.പി.ഷാനവാസ്, സെക്രട്ടറി(47,681) |
| 3-4 | 1,62,500 | ശ്രീ. എം.പി.ഷാനവാസ്, സെക്രട്ടറി |
| ആകെ | 20,67,043 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക 3-7 1,125 രൂപ

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽ വിലാസങ്ങൾ

ഇല്ല

## 4-11 ഓഡിറ്റ് ഇംപാക്ട്

ഇല്ല

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡിക കളുടെ എണ്ണം |
|---|---|---|
| 2004-05 | എൽ.എഫ്/കെഎൻആർ/സി4- 1004/09 തീയ്യതി 22-12-2009 | 6 |
| 2005-06 | എൽ.എഫ്/കെഎൻആർ/സി4- 1003/09 തീയ്യതി 22-12-2009 | 1 |
| 2006-07 | എൽ.എഫ്/കെഎൻആർ/സി4- 1395/09, തീയ്യതി 26-12-2009 | 4 |
| 2007-08 | എൽ.എഫ്/കെഎൻആർ/സി5- 162/12, തീയ്യതി 03-04-2012 | 3 |
| 2008-09 2009-10 2010-11 | എൽ.എഫ്/കെഎൻആർ/സി6- 387/13(1) തീയ്യതി 20-04-2013 | 24 |
| 2011-12 | എൽ.എഫ്/കെഎൻആർ/സി6- 612/14, തീയ്യതി 18-11-2014 | 15 |
| 2012-13 | എൽ.എഫ്/കെഎൻആർ/സി6- 1082/15, തീയ്യതി 16-02-2009 | 20 |

| | | |
|---|---|---|
| 2013-14<br>2014-15 | കെ.എസ്.എ/കെ.എൻ.ആർ/സി 6- 1213/2016<br>തീയ്യതി 01-08-2016 | 20 |

ഡെപ്യൂട്ടി ഡയരക്ടർ

# APPENDIX - 1

# AUDIT CERTIFICATE

No.KSA.KNR/C5/2044/2016

Kerala State Audit Department,

District Audit Office, Kannur,
Phone.04972-707698

E-Mail.*lfaddistofficeknr@gmail.com*

Date.07.12.2016

Certified that I have audited the Annual Financial Statement of KURUMATHUR Gramapanchayath in KANNUR District for the year ended on 31.3. 2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of Audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of KURUMATHUR Gramapanchayath for the year 2015-16 except the observations in my Audit report properly presents the picture of income and expenditure.

DEPUTY DIRECTOR
DISTRICT AUDIT OFFICE,KANNUR

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ .എസ്.എ.കെ.എൻ.ആർ/സി5.2044/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യലയം, കണ്ണൂർ
ഫോൺ.04972-707698
ഇ-മെയിൽ.*lfadistofficeknr@gmail.com*
തിയ്യതി.07.12.2016

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ എന്നിവ അനുസരിച്ചും പഞ്ചായത്ത രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ കുറുമാത്തൂർ ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി സാക്ഷ്യപ്പെടുത്തുന്നു.

ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടികാട്ടിയ ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കുറുമാത്തൂർ ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ

അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

# Appendix - 2

## Income & Expenditure statement OF Kurumathur Grama Panchayath For the period from 01-April 2015 to 31 March 2016

| Code | Head of Account | Schedule | Amount(Rs.) |
|---|---|---|---|
| | Income | | |
| 110000000 | Tax Revenue | 1-1 | 51,55,000.00 |
| 130000000 | Rental Income from panchayath properties | 1-3 | 17,823.00 |
| 140000000 | Fee &User charges | 1-4(b) | 5,60,193.00 |
| 150000000 | Sale &Hire Charges | 1-5(b) | 6,37,982.00 |
| 160000000 | Revenue | 1-6 | 7,28,72,304.00 |

| | | | |
|---|---|---|---|
| | Grants,Funds,Contributions&Compensations | | |
| 170000000 | Interest Earned | 1-8 | 1,71,483.00 |
| 180000000 | Other Income | 1-9 | 77,649.00 |
| A | Total Income | | 79,492,434.00 |
| Expenditure | | | |
| 210000000 | EstablishmentExpenses | 1-10(b) | 61,65,187.00 |
| 220000000 | Administrative Expenses | 1-11(b) | 7,82,171.00 |
| 230000000 | Operations &Maintanance | 1-12(b) | 4,44,355.00 |
| 240000000 | Interest &Finance Charges | 1-13 | 201.00 |
| 250000000 | Decentralised Plan programme – Productive Sector | 1-14 | 68,21,670.00 |
| 2510000000 | Decentralised Plan programme – Service Sector | 1-14(a) | 2,72,52,377.00 |
| 2520000000 | Decentralised Plan programme – Infrastructure Sector | 1-14(b) | 18,76,053.00 |
| 253000000 | Decentralised Plan programme – Projects not included in Sector Division | 1-14(c) | 1,78,500.00 |
| 254000000 | Expenditures of Transferred Institutions &State Sponsored Schemes | 1-14(d) | 2,53,79,345.00 |
| 255000000 | Maintanance Projects | 1-14(e) | 51,85,102.00 |
| 256000000 | Other Revenue Grants and Funds-Revenue Expenses | 1-15(a) | nil |
| 272000000 | Depreciation | 1-17(a) | 22,68,667.00 |
| B | Total - Expenditure | | 7,63,53,628.00 |
| C=A-B | Gross Surplus/ Deficit of Income over Expenditure | | 31,38,806.00 |
| 280000000 | Prior period Item | 1-18 | 15,84,775.00 |

| | | | |
|---|---|---|---|
| E=C-D | Gross Surplus/Deficit of Income over Expenditure after prior period items | | 15,54,031.00 |
| 290000000 | Transfer to reserve funds | | |
| | Net balance being surplus/Deficit carried over to balance sheet(Panchayat Fund) | | |

# Appendix - 3

## Receipt And Payment Statement of Kurumathur Grama Panchayath For the period from 01 April 2015 to 31 March 2016

| Code | Head Account | Schedule | Amount(Rs.) |
|---|---|---|---|
| | Opening Balance | | |
| | Bank | RP-40(a) | 3,03,08,601.52 |
| | Cash | RP-40(a) | 1,69,362.00 |
| | Receipts | | |
| Operating | | | |
| 110000000 | Tax evenue | RP- 1 | 10,29,230.00 |
| 130000000 | Rental Income from Panchayath Properties | RP-3 | 17,823.00 |
| 140000000 | Fees &User Charges | RP- 4 | 4,63,193.00 |
| 150000000 | Sale &Hire Charges | RP- 5 | 6,37,982.00 |
| 160000000 | Revenue Grants ,Funds,Contributions &Compensations | RP- 7 | 87,65,121.00 |

| | | | |
|---|---|---|---|
| 171000000 | Interest Earned | RP- 9 | 1,71,483.00 |
| 320000000 | Grants,Funds &Contributions for specific purposes | RP- 31 | 2,78,29,204.00 |
| 350000000<br>410000.00 | Other Liabilities | RP-36<br>RP-38 | 18,57,856.00<br>6,046.00 |
| Non Operating | | | |
| 180000000 | Other Income | RP- 10 | 576.00 |
| 311000000 | Earmarked Funds | RP-29 | 37,500 |
| 340000000 | Deposits Received | RP- 34 | 96,200.00 |
| 350000000 | Other Liabilities | RP- 36 | 4,51,068.00 |
| 431000000 | Sundry Debtors(Receivables) | RP- 43 | 33,56,435.00 |
| 440000000 | Pre-paid Expenses | RP-45 | 67,500.00 |
| 460000000 | Loans,Advances and Deposits | RP- 47 | 6,72,700.00 |
| Grand Total | | | 7,59,37,880.52 |
| | Payments | | |
| Operating | | | |

| | | | |
|---|---|---|---|
| 210000000 | EstablishmentExpenses | RP-11 | 11,84,783.00 |
| 220000000 | Administrative Expenses | RP-12 | 7,82,171.00 |
| 230000000 | Operatations &Maintanance | RP-13 | 4,44,355.00 |
| 250000000 | Decentralised plan programme – Productive Sector | RP-15 | 39,36,670.00 |
| 251000000 | Decentralised plan programme – Service Sector | RP-16 | 72,71,599.00 |
| 252000000 | Decentralised plan programme – Infrastructure Sector | RP-17 | 18,76,053.00 |
| 253000000 | Decentralised plan programme –Projects not included in sector | RP-18 | 1,78,500.00 |
| 254000000 | Expenditure of Transferred Institutions and State Sponsored Scheme | RP-19 | 7,66,280.00 |
| 255000000 | Maintanance Projects | RP-20 | 59,27,072.00 |
| 280000000 | Prior period Item | RP-26 | -44,707.00 |
| 320000000 | Grants,Funds &Contributions for Specific Purposes | RP-31 | 22,41,095.00 |
| 350000000 | Other Liabilities | RP-36 | 69,42,903.00 |
| Non | | | |

| | | | |
|---|---|---|---|
| Operating | | | |
| 240000000 | Interest &Finance Charges | RP-14 | 201.00 |
| 311000000 | Earmarked Funds | RP-29 | 85,000.00 |
| 330000000 | Secured Loans | RP-32 | 25,06,500.00 |
| 340000000 | Deposits Received | RP-34 | 1,77,066.00 |
| 350000000 | Other Liabilities | RP-36 | 20,62,575.00 |
| 410000000 | Fixed Assets | RP-38 | 59,35,080.00 |
| 412000000 | Capital Work In Progress | RP-40 | 99,59,357.00 |
| 460000000 | Loans,Advances and Deposits | RP-47 | 8,90,890.00 |
| | Closing Balance | | |
| | Bank | RP-40(b) | 2,26,62,767.52 |
| | Cash | RP-40(b) | 1,51,670.00 |
| Grand Total | | | 7,59,37,880.52 |

# Appendix - 4

# Balance Sheet As on 31 March, 2016 KURUMATHUR GRAMA PANCHAYATH

| Code No | Description of Items | Schedule No | Amount |
|---|---|---|---|

| | | | |
|---|---|---|---|
| | Liabilities | | |
| | Reserve &surplus | | |
| 310000000 | Panchayat Funds | B-1 | 2,29,41,656.52 |
| 311000000 | Earmarked Funds | B-2 | 3,173.00 |
| 312000000 | Reserves | B-3 | 3,69,37,954.00 |
| | Total Reserve &surplus | | 5,98,82,783.52 |
| | Grants,Contributions for specific purposes | | |
| 320000000 | Grants,Funds &Contributions for Specific Purposes | B-4 | 18,85,350.00 |
| | Total Grants,Funds &Contributions for Specific Purposes | | |
| | Loans | | |
| 330000000 | Secured Loans | B-5 | 30,02,633.00 |
| | Total Loans | | |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 3,89,543.00 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | B-9 | 7,92,427.00 |
| | Total Current Liabilities and Provisions | | 1181970.00 |
| | TOTAL LIABILIITIES | | 6,59,52,736.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 4,20,16,784.00 |
| 411000000 | Accumulated Depreciation | B-11 | (54,65,807.00) |
| 412000000 | Capital Work In Progress | B-11(a) | 11,35,378.00 |
| | Total Fixed Assets | | 37686355.00 |
| | INVESTMENTS | | |
| 420000000 | Investments | B-12 | 20,000.00 |
| | Current Assets,Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 22,44,611.00 |
| 440000000 | Pre-paid Expenses | B-16 | 30,02,633.00 |
| 450000000 | Cash and Bank balance | B-17 | 2,28,14,437.52 |

| | | | |
|---|---|---|---|
| 460000000 | Loans,Advances and Deposits | B-18 | 1,84,700.00 |
| | Total Current Assets,Loans and Advances | | 2,82,46,381.52 |
| | Total Assets | | 6,59,52,736.52 |